# പയ്യന്നൂർ സെൻട്രൽ യു പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# PROFILE

| | |
|---|---|
| Name of School | : Payyanur Central U.P. School. |
| Established | : 1934 |
| Municipality | : Payyanur. |
| Sub-District | : Payyanur. |
| BRC | : Payyanur. |
| District | : Kannur. |
| Head Master | : M Madhu. |
| Mob: Number | : 9446773554. |
| School Email ID | : cupspnr@gmail.com. |
| School Code | : 13946 |
| Manager | : K.V. Karunakaran |
| Number of Teachers | : 10 |
| OA | : 1 |
| Office Room | : 1 |
| Library | : 1 |
| Lab | : 1 |
| Computer Lab | : 1 |
| Class Rooms | : 9 |
| Laptop | : 3 |
| Projector | : |

# ആമുഖം.

ഉത്തരമലബാറിലെ നവോത്ഥാനനായകരിൽ പ്രധാനിയും സാമൂഹ്യപരിഷ്കർത്താവുമായ സ്വാമി ആനന്ദതീർത്ഥൻ സ്ഥാപിച്ച വിദ്യാലയമാണ് പയ്യന്നൂർ സെൻട്രൽ യു. പി. സ്കൂൾ. പയ്യന്നൂർ പ്രദേശത്തെ ഹരിജനങ്ങളുടെയും മറ്റു പിന്നോക്ക ജനവിഭാഗങ്ങളുടെയും വിദ്യാഭ്യാസത്തിനും സാമൂഹ്യ ഉന്നമനത്തിനുമായി 1934ൽ ആണ് വിദ്യാലയം സ്ഥാപിതമായത്. പയ്യന്നൂർ പ്രദേശത്തിന്റെ തന്നെ സാംസ്കാരിക വളർച്ചയിൽ പ്രധാന പങ്കുവഹിച്ച വിദ്യാലയമാണിത്. പ്രതിഭാധനരായ ഒട്ടേറെ വ്യക്തികൾക്ക് ഈ വിദ്യാലയം ജന്മം നൽകിയിട്ടുണ്ട്.

പിൽക്കാലത്ത് സ്കൂളിന്റെ മാനേജ്മെന്റ് കണ്ണോത്ത് നാരായണൻ നായർ ഏറ്റെടുക്കുകയും പയ്യന്നൂർ പ്രദേശത്തെ തന്നെ മികച്ചവിദ്യാലയമായി മാറുകയും ചെയ്തു. മാനേജ്മെന്റ് പിന്നീട് മകനായ പി. രവീന്ദ്രന് കൈമാറി. ഇപ്പോൾ സ്കൂൾ മാനേജർ കെ. വി. കരുണാകരൻ ആണ്. കേളോത്ത് റെയിൽവേ സ്റ്റേഷൻ റോഡിൽ നിന്ന് അല്പം മാറി എല്ലാ സൗകര്യങ്ങളുമുള്ള ഇരുനിലകെട്ടിടത്തിലാണ് സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത്.

# പൊതുവിശകലനം

ആയിരത്തോളം വിദ്യാർത്ഥികളുണ്ടായിരുന്ന സബ്ജില്ലയിലെത്തന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായിരുന്നു പയ്യന്നൂർ സെൻട്രൽ യു. പി. സ്കൂൾ. 1990 കാലഘട്ടത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് മലയാളികൾക്ക് ഉണ്ടായ ആഭിമുഖ്യം കേരളത്തിലെ പല പൊതുവിദ്യാലയങ്ങളുടെയും പിന്നാക്കം പോക്കിന് തുടക്കമിട്ടു. തുടർന്നുണ്ടായ കാലഘട്ടങ്ങളിൽ മുളച്ചുവന്ന ഇംഗ്ലീഷ് അൺഎയ്ഡഡ് വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒഴുക്കുതന്നെയുണ്ടായി. ഈയൊരു പ്രവണത നഗരപ്രദേശത്തിനടുത്തുകിടക്കുന്ന നമ്മുടെ വിദ്യാലയത്തെ നന്നായി ബാധിച്ചു. കുട്ടികൾ ഗണ്യമായി കുറഞ്ഞുവന്നു.

പയ്യന്നൂർ നഗരത്തിന് തൊട്ടടുത്ത് സ്ഥിതി-ചെയ്യുന്ന വിദ്യാലയം എന്ന നിലയിൽ ഏറെ അനുകൂല സാഹചര്യങ്ങളുണ്ടെങ്കിലും ഇതര വിദ്യാലയങ്ങളിൽ നിന്നുള്ള മത്സരം വിദ്യാലയത്തെ ബാധിച്ചിട്ടുണ്ട്. കഴിഞ്ഞകാലത്ത് വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനും ആറിലധികം വിദ്യാർത്ഥികൾ എന്ന നിലയിൽ എത്തിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ ഇടപെടലിലൂടെയാണ് ഈ നേട്ടം

കരമായത്. വിദ്യാർത്ഥികളുടെ എണ്ണം എന്നതിലുപരി അക്കാദമികരംഗത്ത് മികവുപുലർത്തുന്നതിനും സ്കൂളിന കഴിയുന്നു.

ഈ വർഷം യു. എസ്. എസ് പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ സാധിച്ചു. 5 കുട്ടികൾക്ക് യു. എസ്. എസ്. ലഭിച്ചു. ഫാദിൽ, ശ്രീഹരി, അഞ്ജന, ശിവാനി, ദർശൻ എന്നിവരാണ് യു. എസ്. എസ്. ന് അർഹരായത്. ഗണിതശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷയിൽ ഇൻഷ ഷിറിൻ എന്ന കുട്ടിക്ക് സബ്ജില്ലാതലത്തിൽ മൂന്നാംസ്ഥാനം ലഭിച്ചിട്ടുണ്ട്.

കല - കായിക - ശാസ്ത്ര - ഗണിതശാസ്ത്ര - സാമൂഹ്യ-ശാസ്ത്ര - പ്രവൃത്തിപരിചയ - ഐടി മേളകളിലും മികവുണ്ടാക്കാൻ കഴിഞ്ഞു. സ്കൂൾ കലോത്സവത്തിൽ അതിഥിത്തൊഴിലാളികളുടെ മക്കളായ മുഹമ്മദ് ഹംജ, ആദിത്യ സഹാനി എന്നീ കുട്ടികൾ എ ഗ്രേഡോടെ ഒന്ന്, രണ്ട് സ്ഥാനങ്ങളിലെത്തി. മുഹമ്മദ് ഹംജ ജില്ലാ മത്സരത്തിൽ ഹിന്ദി പ്രസംഗത്തിൽ രണ്ടാം സ്ഥാനം നേടി. എന്നത് എടുത്തു പറയേണ്ട നേട്ടമാണ്.

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി വിഭാഗം കൂടി സ്കൂളിന്റെ ഭാഗമാണ്. ടാലന്റ് സെർച്ച് പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ പ്രീ-പ്രൈമറിക്കും കഴിഞ്ഞിട്ടുണ്ട്.

# ലക്ഷ്യങ്ങൾ.

→ ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.

→ ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

→ കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.

→ ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

→ പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

→ മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

→ ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.

→ പ്ലാസ്റ്റിക് മുക്തവിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

→ ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.

→ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

→ സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

→ കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.

→ മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

→ കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

→ ടാലന്റ്ലാബ് എന്ന ആശയം നടപ്പിലാക്കുക.

# പ്രശ്നങ്ങൾ, വെല്ലുവിളികൾ.

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
3. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
4. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
5. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
6. പ്രാദേശിക വിഭവങ്ങളെ പൂർണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## ഭൗതികം

1. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെക്കുറിച്ച് ധാരണയില്ല.

3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.

4. പൂർവ്വവിദ്യാർത്ഥി സംഘടന, പൂർവ്വഅധ്യാപക സംഘടന, എസ്. എം.സി., എസ്.എം.ഡി.സി., പി.ടി.എ. എന്നി സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

| മേഖല | പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതം | ഗണിതത്തിലുള്ള പിന്നോക്കാവസ്ഥ, ക്രിയകൾ ചെയ്യുന്നതിലും പ്രശ്നാപഗ്രഥനത്തിലുമുള്ള പ്രശ്നങ്ങൾ | → പ്രീ-ടെസ്റ്റ്<br>→ ഗണിതകേളികൾ, സംഖ്യാകേളികൾ, പസിലുകൾ, പ്രത്യേക ക്ലാസുകൾ, ഗണിത ക്ലിനിക്:- ഗണിതത്തിൽ കൂടുതൽ താൽപര്യമുള്ളതും ക്ലാസ് റൂം പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നതുമായ കുട്ടികൾ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കേകുന്ന പിന്തുണാ പ്രവർത്തനം. | ജൂൺ മുതൽ മാർച്ച് വരെ | SRG, PTA ഗണിത അധ്യാപകർ | 1000. |
| പൊതു-വിജ്ഞാനം | പൊതുവിജ്ഞാനം, ആനുകാലിക വിഷയങ്ങളറിയൽ, പത്രപാരായണം തുടങ്ങിയവയിലുള്ള പിന്നോക്കാവസ്ഥ. | → പൊതുവിജ്ഞാനവും ആനുകാലിക സംഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് എൽ.പി., യു.പി. തലത്തിൽ നടത്തുന്ന പ്രതിവാര ക്വിസ്. | ജൂൺ മുതൽ ഫെബ്രുവരി വരെ. | SRG, ചുമതല-പ്പെട്ട അധ്യാപകർ | 5000. |
| ദൈനം ദിന പാഠ്യ-വിഷയങ്ങൾ | ദൈനംദിന പ്രവർത്തനങ്ങളിലും യൂണിറ്റ് തല വിലയിരുത്തലുകളിലുമുള്ള പിന്നോക്കാവസ്ഥ | → മുഴുവൻ പാഠ്യവിഷയങ്ങളുമുൾപ്പെടുത്തിക്കൊണ്ട് പ്രതിമാസ ക്വിസ് പരിപാടി | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ | 1000. |

| മേഖല | പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മലയാളം | ഭാഷാപരമായി ഉണ്ടാകുന്ന പിന്നോക്കാവസ്ഥ, എഴുത്ത്, വായന | → പ്രീടെസ്റ്റ്, പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ.<br>→ ഒഴിവുസമയങ്ങളിൽ നൽകുന്ന പിന്തുണാപ്രവർത്തനങ്ങൾ,<br>→ വായനകാർഡുകൾ, അക്ഷരകാർഡുകൾ തുടങ്ങിയവ ഉപയോഗിച്ച് ചിഹ്നങ്ങൾ ഉറപ്പിക്കൽ.<br>→ വായനാപ്രവർത്തനങ്ങൾ, ലേഖനപ്രവർത്തനങ്ങൾ. | ജൂൺ മുതൽ മാർച്ച് വരെ | SRG, PTA, മലയാളം അധ്യാപകർ | 1000. |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിലുള്ള പിന്നോക്കാവസ്ഥ. Insufficient vocabulary, Defective Sentence Pattern. etc. | → പ്രീടെസ്റ്റ്<br>→ കുട്ടികളെ കണ്ടെത്തൽ<br>→ പരിഹാര ബോധന പ്രവർത്തനങ്ങൾ<br>→ ഒഴിവുസമയങ്ങളിൽ നൽകുന്ന പിന്തുണാക്ലാസ്.<br>→ Worksheets, Roleplay, Rhymes, Riddles, ഇവ നൽകൽ. | ജൂൺ മുതൽ മാർച്ച് വരെ | SRG, PTA, English Teachers | 1000. |

| മേഖല | പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പാഠ്യ - വിഷയങ്ങൾ | ഓരോ വിഷയങ്ങളിലും പ്രതിഭകളായ കുട്ടികളെ കണ്ടെത്തുന്നതിലുള്ള അപര്യാപ്തത. | → മാസത്തിൽ ഒരു അവധിദിവസം തെരഞ്ഞെടുത്ത് ഓരോ വിഷയത്തിലും പ്രഗത്ഭരായ അധ്യാപകർ നൽകുന്ന പ്രത്യേക പരിശീലനക്ലാസ്.<br>→ ജൂൺ - കഥ, കവിത ആസ്വാദനക്ലാസ്<br>→ ജൂലൈ - ഇംഗ്ലീഷ് ഭാഷാക്ലാസ്<br>→ ആഗസ്റ്റ് - ഗണിതക്ലാസ്<br>→ സെപ്തംബർ - ഒറിഗാമി<br>→ ഒക്ടോബർ - കായിക പരിശീലനം<br>→ നവംബർ - ഹിന്ദി ഭാഷാക്ലാസ്<br>→ ജനുവരി - നാടകക്കളരി. | ജൂൺമുതൽ ജനുവരി വരെ | SRG, PTA | 5000. |

# കലണ്ടർ.

| Sl no. | പ്രവർത്തനങ്ങൾ | June | July | August | Sept. | October | Nov. | Dec. | Jan. | Feb. | March. |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ചിന്തണാക്ലാസുകൾ - മലയാളം, ഇംഗ്ലീഷ്, ഗണിതം. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2. | പൊതുവിജ്ഞാനക്വിസ്. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| 3. | പാഠ്യവിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ക്വിസ് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| 4. | പ്രത്യേകപരിശീലനക്ലാസുകൾ : | | | | | | | | | | |
| | 1. കഥാ കവിതാ ആസ്വാദനം | ✓ | | | | | | | | | |
| | 2. ഇംഗ്ലീഷ് ഭാഷാ ക്ലാസ് | | ✓ | | | | | | | | |
| | 3. ഗണിത ക്ലാസ് | | | ✓ | | | | | | | |
| | 4. ഒറിഗാമി | | | | ✓ | | | | | | |
| | 5. കായികപരിശീലനം | | | | | ✓ | | | | | |
| | 6. ഹിന്ദി ഭാഷാക്ലാസ് | | | | | | ✓ | | | | |
| | 7. നാടകക്കളരി. | | | | | | | | ✓ | | |